**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2438** **27-02-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്ന ശേഷം സർക്കാർ പ്രതീക്ഷിച്ച രീതിയിൽ വരുമാനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. ജി.എസ്.ടി വന്നതോട് കൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി.എസ്.ടി തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി വരുമാനം പ്രതീക്ഷിച്ച തോതിൽ വർധിക്കാത്തതിന് കാരണമായി.<br><br>ജി.എസ്.ടി യുടെ തുടക്കത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനഞ്ചു ശതമാനം ആകത്തക്കവിധത്തിൽ ആയിരുന്നു. വാറ്റ് സമ്പ്രദായത്തിൽ ഇത് 14.5% ആയിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി നികുതി നിരക്കുകളിൽ കുറവ് വരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് പതിനൊന്നു ശതമാനത്തോളമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്.<br><br>ജി.എസ്.ടി നിയമം നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് നൂറ്റി ഒന്നാം ഭരണഘടനാ ഭേദഗതി പ്രകാരം കോമ്പൻസേഷൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകണമെന്ന |

| | | | |
|---|---|---|---|
| | | | വ്യവസ്ഥ നടപ്പിലാക്കിയിരുന്നു. ഈ നഷ്ടപരിഹാര കാലാവധി 2022 ജൂണിൽ അവസാനിച്ചു.<br><br>രാജ്യമൊട്ടാകെ ജി.എസ്.ടി വരുമാനത്തിലുണ്ടായ വളർച്ചക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല. |
| (ബി) | ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | ജി.എസ്.ടി നിയമത്തിനു അനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെ കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിക്കൊണ്ടു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ജീവനക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2438        27.02.2023 ൽ മറുപടിനൽകേണ്ടത്.**

**ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. അബ്ദുൽ ഹമീദ് പി<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | മറുപടി<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നിലവിൽ വന്ന ശേഷം സർക്കാർ പ്രതീക്ഷിച്ച രീതിയിൽ വരുമാനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. ജി.എസ്.ടി വന്നതോട് കൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി.എസ്.ടി തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി വരുമാനം പ്രതീക്ഷിച്ച തോതിൽ വർധിക്കാത്തതിന് കാരണമായി.<br><br>ജി.എസ്.ടി യുടെ തുടക്കത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ച |

| | | | |
|---|---|---|---|
| | | | യിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനഞ്ചു ശതമാനം ആകത്തക്ക വിധത്തിൽ ആയിരുന്നു. വാറ്റ് സമ്പ്രദായത്തിൽ ഇത് 14.5% ആയിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി നികുതി നിരക്കുകളിൽ കുറവ് വരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് പതിനൊന്നു ശതമാനത്തോളമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്.<br><br>ജി.എസ്.ടി നിയമം നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് നൂറ്റി ഒന്നാം ഭരണഘടനാ ഭേദഗതി പ്രകാരം കോമ്പൻസേഷൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ നടപ്പിലാക്കിയിരുന്നു. ഈ നഷ്ടപരിഹാര കാലാവധി 2022 ജൂണിൽ അവസാനിച്ചു.<br><br>രാജ്യമൊട്ടാകെ ജി.എസ്.ടി വരുമാനത്തിലുണ്ടായ വളർച്ചക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര നിയമത്തിൽ |

| | | | |
|---|---|---|---|
| | | | പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല. |
| (ബി) | ജി.എസ്.ടി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | ജി.എസ്.ടി നിയമത്തിനു അനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെ കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിക്കൊണ്ടു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ജീവനക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ